III ശ്രദ്ധക്ഷണിക്കൽ

1. വിനോദസഞ്ചാരമേഖലയുടെ പുനരുജ്ജീവനം

ശ്രീ. എച്ച്. സലാം: സർ, കോവിഡിന്റെ പ്രയാസകരമായ അന്തരീക്ഷം വന്നതിനുശേഷം നമ്മുടെ ടൂറിസം മേഖല കടുത്ത പ്രതിസന്ധിയിലാണ്. കേരളം ഇന്ത്യയിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് സെന്ററാണ് എന്നുള്ള കാര്യം നമുക്കറിയാം. നാഷണൽ ജിയോഗ്രാഫിക് മാഗസീൻ ലോകത്ത് സന്ദർശിക്കേണ്ട 50 സ്ഥലങ്ങളിൽ ഒന്നായി കേരളത്തെ പോയിന്റ് ചെയ്തിട്ടുണ്ട്. പ്രകൃതിപരമായി നമുക്ക് ആർജ്ജിക്കാൻ കഴിഞ്ഞ മികവുകളാണ് ഇതിന്റെ പ്രധാന അടിസ്ഥാനം. ഏതാണ്ട് 580 കിലോമീറ്റർ കടൽത്തീരം, സൈലന്റ്‌വാലി പോലുള്ള അഞ്ച് ദേശീയോദ്യാനങ്ങൾ, വാഗമൺ പോലുള്ള ഹിൽ സ്റ്റേഷനുകൾ, വെള്ളച്ചാട്ടങ്ങൾ, കായലുകൾ, വയലുകൾ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, ഇക്കോ ടൂറിസം സെന്ററുകൾ തുടങ്ങി പ്രകൃതി കനിഞ്ഞനുഗ്രഹിച്ച സൗന്ദര്യം കേരളത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ്. 2019-ലെ സഞ്ചാരികളുടെ കണക്കനുസരിച്ച് ഇന്ത്യയിലെ ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ 64% കേരളത്തിലാണ്. ആകെയുള്ള 1.84 കോടി

സഞ്ചാരികളിൽ 1.18 കോടി സഞ്ചാരികൾ എത്തിയത് കേരളത്തിലാണ്. നമ്മുടെ വരുമാനത്തിന്റെ കാര്യത്തിലും പ്രധാനപ്പെട്ടൊരു മേഖലയാണ് ടൂറിസം മേഖല. നമ്മുടെ ജി.ഡി.പി.യുടെ ഏതാണ്ട് 23% ടൂറിസം മേഖല നൽകുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2019-ൽ നിന്ന് 2020-ലേയ്ക്കെത്തുമ്പോൾ വലിയ ഇടിവാണ് വരുമാനത്തിൽ സംഭവിച്ചത്. 45019 കോടിയിൽനിന്നും 11335 കോടി രൂപയായി വരുമാനം കുറഞ്ഞു. സ്വാഭാവികമായും നമ്മുടെ ആകെ വരുമാനത്തിൽ ഒരു പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന മേഖലയായ ടൂറിസം മേഖലയിലെ ഇടിവ് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗൗരവമായി ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. മറ്റൊന്ന് ലക്ഷക്കണക്കിന് തൊഴിലാളികൾ ഉപജീവനമാർഗ്ഗമായി തേടുന്ന മേഖലയാണ് ടൂറിസം മേഖല. ഹൗസ് ബോട്ടുകൾ, ശിക്കാർ ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, ടൂർ ഓപ്പറേറ്റർമാർ, ചെറുകിട കച്ചവടക്കാർ, ടൂറിസം ഗൈഡുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ബീച്ചുകൾ, ഹോം സ്റ്റേകൾ, ആയുർവേദ സെന്ററുകൾ അങ്ങനെ തുടങ്ങി ലക്ഷക്കണക്കിന് തൊഴിലാളികളും സംരംഭകരും

ആശ്രയിക്കുന്ന അവരുടെ ഉപജീവന മേഖലയാണ് ഏതാണ്ട് ഒന്നേമുക്കാൽ വർഷമായി ഈ പ്രയാസകരമായ അന്തരീക്ഷം നേരിട്ടുകൊണ്ടിരിക്കുന്നത്. സ്വാഭാവികമായും ഇത് തരണം ചെയ്യുക എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ആലപ്പുഴ ജില്ലയിൽ ഏതാണ്ട് 1385 ഹൗസ് ബോട്ടുകളുണ്ട്. ശിക്കാർ ബോട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവ ഏതാണ്ട് 300-ലേറെയുമുണ്ട്. ബോട്ടിംഗ് മേഖല മാത്രമെടുത്താൽ 25000-ന് മുകളിൽ വരുന്ന തൊഴിലാളികൾ ഈ മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ്. അവിടെയാകെ നിശ്ചലമായ അവസ്ഥയിലാണ് ഇപ്പോഴുള്ളത്. കേരളത്തിലാകെ നിലനിൽക്കുന്ന ഈ പ്രയാസം തരണം ചെയ്യാൻ വേണ്ടിയുള്ള ഒരു പരിശ്രമം സംഘടിപ്പിക്കുക എന്നുള്ളത് പ്രധാനപ്പെട്ട ഒരു ഉത്തരവാദിത്തമായി നിശ്ചയമായും കാണേണ്ടതാണ്. ഇന്ന് ടൂറിസം സെന്ററുകളിൽ ഏറെക്കുറെ സമ്പൂർണ്ണമായി വാക്സിനേഷൻ നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. കോവിഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നിയന്ത്രണങ്ങൾക്ക് വിധേയമായി ടൂറിസം മേഖല തുറക്കുക എന്നുള്ളത് നമ്മുടെ പ്രധാനപ്പെട്ട ആവശ്യമാണ്. ആലപ്പുഴയിലെ നെഹ്റു ട്രോഫി പോലുള്ള വള്ളംകളി

ഉൾപ്പെടെ ഇപ്പോൾ തടസ്സപ്പെട്ടുനിൽക്കുകയാണ്. നമ്മുടെ പ്രധാനപ്പെട്ട ആകർഷണമാണ് വള്ളംകളികൾ. അതുൾപ്പെടെ പുനരാരംഭിക്കാൻവേണ്ടിയുള്ള ഒരു ശക്തമായ നിലപാടിലേയ്ക്ക് വരേണ്ടതായിട്ടുണ്ട്. നിയന്ത്രണവിധേയമായി ആലപ്പുഴയിലെ നെഹ്റു ട്രോഫി വള്ളംകളി ഉൾപ്പെടെയുള്ളവ നമുക്ക് ആരംഭിക്കാൻ കഴിയും. നിയന്ത്രണങ്ങൾക്ക് വിധേയമായി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ ടൂറിസം മേഖല തുറക്കാനും ലക്ഷക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം പുനരുജ്ജീവിപ്പിക്കാനും വേണ്ടിയുള്ള ഒരു നിലപാടിലേയ്ക്ക് നമ്മുടെ ഗവൺമെന്റ് എത്തിച്ചേരണം എന്നാണ് സൂചിപ്പിക്കുന്നത്. ധാരാളം ആശ്വാസ പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിച്ച് നടപ്പാക്കിയിട്ടുണ്ട്. ടൂറിസം വർക്കിംഗ് ക്യാപ്പിറ്റൽ സപ്പോർട്ട് സ്കീം, എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം, ഗൈഡ് സപ്പോർട്ട് സ്കീം തുടങ്ങിയിട്ടുള്ള ധാരാളം കാര്യങ്ങൾ ഗവൺമെന്റ് ഇപ്പോൾ നടപ്പാക്കിവരുന്നുണ്ട്. പ്രാദേശികമായ ടൂറിസം സെന്ററുകൾ വികസിപ്പിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

അതിനെല്ലാത്തിനുമൊപ്പം സമ്പൂർണ്ണമായി ടൂറിസം മേഖലയെ തുറന്നെടുക്കാൻവേണ്ടിയുള്ള ഒരു ശ്രമത്തിലേയ്ക്ക് ഗവൺമെന്റ് എത്തിച്ചേരണം എന്നാണ് ടൂറിസം വകുപ്പിന്റെ മുൻപാകെ ഈ ശ്രദ്ധക്ഷണിക്കലിലൂടെ സൂചിപ്പിക്കാനുള്ളത്.

പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം എച്ച്. സലാം സൂചിപ്പിച്ചതുപോലെ കോവിഡ് തീർത്ത പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ച മേഖലയാണ് ടൂറിസം മേഖല. ഇപ്പോഴും കോവിഡിനോടൊപ്പമാണ് ടൂറിസം മുന്നോട്ട് പോകുന്നത്. അതിജീവിക്കും എന്ന ആത്മവിശ്വാസം ടൂറിസം മേഖലയ്ക്ക് ഉണ്ടാക്കുക എന്നതിനാണ് ഈ ഘട്ടത്തിൽ സർക്കാർ പ്രാധാന്യം നൽകിയിട്ടുള്ളത്. അതിന് സഞ്ചാരികൾക്ക് നമ്മുടെ നാട് സുരക്ഷിതകേന്ദ്രമായി അനുഭവപ്പെടണം. സഞ്ചാരികൾ കേരളത്തിലേയ്ക്കെത്തണം. ഇതിനായി 'സുരക്ഷിത കേരളം, സുരക്ഷിത ടൂറിസം' എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുന്നു. നൂറ് ശതമാനം വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങൾ എന്ന ലക്ഷ്യത്തോടെ

ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ പ്രത്യേക പദ്ധതിതന്നെ നടപ്പിലാക്കി. വയനാട്ടിലെ വൈത്തിരിയിലാണ് ഇത് ആരംഭിച്ചത്. ആദ്യ ഡോസിന്റെ കാര്യത്തിൽ വയനാട് ജില്ലയാകെ പൂർത്തീകരിച്ചു. അത് മറ്റ് ഡെസ്റ്റിനേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചു. ഭൂരിഭാഗം ഡെസ്റ്റിനേഷനുകളും ഈ ലക്ഷ്യം കൈവരിച്ചുകഴിഞ്ഞു. വൈത്തിരിയിലെ എല്ലാ ഡെസ്റ്റിനേഷനുകളും നൂറ് ശതമാനം വാക്സിനേഷൻ നടത്തിയപ്പോൾ രാജ്യംതന്നെ അത് ശ്രദ്ധിച്ചു. ഒട്ടേറെ ദേശീയ മാധ്യമങ്ങളിലുൾപ്പെടെ ഇതുമായി ബന്ധപ്പെട്ട് വാർത്ത വന്നിരുന്നു. ടൂറിസം മേഖല തുറന്നതോടെ വയനാട്ടിലേയ്ക്ക് സഞ്ചാരികളുടെ വരവിലുണ്ടായ വർദ്ധനവ് ഇതിന്റെ പ്രതിഫലനമായിക്കൂടി കാണാവുന്നതാണ്. വയനാട്ടിൽ മാത്രമല്ല, മറ്റ് ഡെസ്റ്റിനേഷനുകളിലും ഇപ്പോൾ സഞ്ചാരികൾ എത്തിത്തുടങ്ങി, ഡെസ്റ്റിനേഷനുകൾ സജ്ജീവമായിത്തുടങ്ങി. ടൂറിസം മേഖല തുറക്കുമ്പോഴും കരുതലോടെയാണ് വകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. ഇപ്പോൾ ഇവിടെ സൂചിപ്പിച്ച നെഹ്റു ട്രോഫി വള്ളംകളി ഉൾപ്പെടെ ഒരു ആലോചന നടത്തിയിട്ടുണ്ട്. ബയോ ബബിൾ സംവിധാനത്തിലൂടെ ടൂറിസം മേഖലയെ സുരക്ഷിതമാക്കുകയും ചെയ്തു. ഇതെല്ലാം ചേർന്നപ്പോൾ ആഭ്യന്തര

വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് പ്രകടമാകുന്നു എന്നാണ് ഇപ്പോഴുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട അംഗം എച്ച്. സലാം ഇവിടെയൊരു കണക്ക് ഇതിനോടകംതന്നെ പറഞ്ഞിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്കായി നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്. ടൂറിസം വർക്കിംഗ് ക്യാപ്പിറ്റൽ സപ്പോർട്ട് സ്കീം, തൊഴിലാളികൾക്കായി ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം എന്നീ രണ്ട് വായ്പ പദ്ധതികൾ നടപ്പാക്കിവരുന്നു. ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി മെയിന്റനൻസ് ഗ്രാന്റും നൽകിവരുന്നുണ്ട്. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിയും നടപ്പാക്കുകയാണ്. പ്രതിസന്ധിയിൽ കരഞ്ഞിരിക്കുക എന്നതല്ല നമ്മുടെ നയം. ഇപ്പോഴത്തെ പ്രതിസന്ധിയിൽനിന്നും കരകയറുവാനുള്ള പുതിയ പദ്ധതികൾ പ്രഖ്യാപിച്ചുകഴിഞ്ഞു. പുതിയ മേഖലകളിലേയ്ക്ക് ടൂറിസത്തെ വളർത്താനുതകുന്ന പദ്ധതികളാണ് വരുംദിവസങ്ങളിൽ നടപ്പിലാക്കുവാൻ പോകുന്നത്. കാരവൻ ടൂറിസം പോലുള്ള നൂതന ടൂറിസം സംവിധാനങ്ങൾ കേരളത്തിന്

പരിചയപ്പെടുത്തുവാനുള്ള പദ്ധതികളുടെ നടപടിക്രമങ്ങൾ ആരംഭിച്ചു. അഗ്രി ടൂറിസത്തിന്റെ സാധ്യതകൾ മനസ്സിലാക്കി അത് പ്രയോജനപ്പെടുത്തുവാൻ ഫാം ടൂറിസം നെറ്റ്‍വർക്ക് കൂടി തയ്യാറാവുകയാണ്. മറ്റ് ചില പദ്ധതികൾകൂടി തയ്യാറായി വരുന്നുണ്ട്. ഇതിലൂടെ കേരള ടൂറിസത്തിന് ശക്തമായി തിരിച്ചുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എച്ച്. സലാം: സർ, നിലവിലുള്ള നമ്മുടെ സംവിധാനം വച്ച് തിരിച്ചുപിടിക്കുന്നതിന്റെ ഒപ്പം പുതിയ സാധ്യതകളിലേയ്ക്ക് സ്വാഭാവികമായും ടൂറിസം വകുപ്പ് കടന്നിട്ടുണ്ട്. ഇവിടെ സൂചിപ്പിക്കപ്പെട്ട കാരവൻ ടൂറിസം ഏതെല്ലാം നിലയ്ക്കാണ് ആരംഭിക്കാൻ തയ്യാറാകുന്നത്. അതുപോലെ അഗ്രിടൂറിസം എന്നത് പുതിയ സാധ്യതയാണ്. അത് എത്രമാത്രം നടപ്പാക്കാൻ കഴിയും.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, 1980-കളിലാണ് ഒരു വിനോദസഞ്ചാര ഉൽപ്പന്നമെന്ന നിലയിൽ കെട്ടുവള്ളം കായൽ ടൂറിസത്തിന്റെ സാധ്യതകളുടെ ഭാഗമായി ആരംഭിച്ചത്. പിന്നീടുള്ള വർഷങ്ങളിൽ അത്തരത്തിൽ ഒരു പുതിയ ഉൽപ്പന്നം

അവതരിപ്പിക്കാനായിട്ടില്ല. ഇന്ന് ലോകത്താകെ കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ കാരവൻ ടൂറിസത്തിന്റെ സാധ്യത ഏറെയാണ്. ഫ്രാൻസ്, ഇറ്റലി, ബ്രിട്ടൺ, ജർമനി തുടങ്ങിയ രാജ്യങ്ങളിൽ കാരവൻ ടൂറിസത്തിന് ഏറെ സാധ്യതയാണ്. കാരവൻ വാഹനമെന്ന് പറയുമ്പോൾ പൊതുവേ സിനിമാതാരങ്ങളുടെ ആഡംബര വാഹനമെന്നാണ് നമ്മൾ കണക്കാക്കുന്നത്. എന്നാൽ രണ്ടോ നാലോ സഞ്ചാരികൾക്ക് യാത്ര ചെയ്യാവുന്നതാണ് കാരവാൻ. unexplored destinations-നെ കണ്ടെത്തുക എന്ന പുതിയ ഒരു പദ്ധതിയുടെ ഭാഗമായി പരിശോധന നടത്തിയപ്പോൾ പലയിടങ്ങളിലും എല്ലാ സാധ്യതകളുമുണ്ടായിട്ടും ഡെസ്റ്റിനേഷനുകൾ ഉയർന്നുവരാത്തതിന്റെ കാരണം അവിടെ താമസ സൗകര്യമില്ലായെന്നതാണ്. കെട്ടിടങ്ങൾ പുതിയത് പണിയുക എളുപ്പമല്ല. അവിടെയാണ് കാരവൻ വാഹനത്തിന്റെ പ്രസക്തി. അതുപോലെയാണ് കാരവൻ പാർക്കും. കാരവൻ പാർക്ക് ഒരു പഞ്ചായത്തിലോ പ്രത്യേക ഒരു സ്ഥലത്തോ വന്നുകഴിഞ്ഞാൽ അതൊരു പ്രധാന കേന്ദ്രമായി മാറുന്നു. അവിടെ പുതിയ ആളുകൾക്ക് തൊഴിൽ ലഭ്യമാകുന്നു. കാരവൻ വാഹനം കാരവൻ പാർക്കിൽ നിർത്തി ആ

വാഹനത്തിലേയ്ക്ക് വേണ്ട വെള്ളം, ഭക്ഷണം മറ്റ് കാര്യങ്ങളൊക്കെ നൽകുന്നു. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് തൊഴിൽ സാധ്യതകൾ വരുന്നു. കാരവൻ പാർക്കിംഗ് കേന്ദ്രങ്ങൾ സ്വകാര്യ മേഖലയിലും പൊതുമേഖലയിലും ഏർപ്പെടുത്താനാകും. കാരവൻ പാർക്ക് ഒരു പ്രദേശത്തിന്റെ കൾച്ചറൽ ഹബ്ബുകൂടിയായി മാറും. ഒന്നോ രണ്ടോ മൂന്നോ നാലോ പഞ്ചായത്തുകളിലെ പ്രധാനപ്പെട്ട നാടൻ കലകൾ ഉൾപ്പെടെ അവതരിപ്പിക്കാനാകുന്ന ഒരു കൾച്ചറൽ ഹബ്ബാക്കി മാറ്റാനാകുന്നു. അങ്ങനെ അത് ഉയർത്തികൊണ്ടുവരാൻ സാധിക്കും. അഗ്രിടൂറിസം നെറ്റ്‌വർക്കിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോയിട്ടുണ്ട്. കേരളത്തിലെ കാർഷിക പ്രവർത്തനങ്ങളെ സംരക്ഷിച്ചുകൊണ്ട് വിനോദസഞ്ചാര മേഖലയുമായി കൂട്ടിയിണക്കുന്ന പദ്ധതിയാണ് ആഗ്രിടൂറിസം നെറ്റ്‌വർക്ക്. അത് കൂടുതൽ ഫലപ്രദമാക്കാൻവേണ്ടി ഉത്തരവാദിത്വ ടൂറിസത്തിന്റെ സാധ്യതകൂടി കോർത്തിണക്കി കൊണ്ടുപോകാനാകുമെന്നാണ് ടൂറിസം വകുപ്പ് കരുതുന്നത്.

2.സ്കിൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം

ഡോ. എം. കെ. മുനീർ: സർ, ഇരുപത് ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ

നൽകുമെന്നും അൻപത് ലക്ഷം അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനം നൽകുമെന്നതും കഴിഞ്ഞ തെരഞ്ഞെടുപ്പിലെ എൽ.ഡി.എഫ്. പ്രകടന പത്രികയിലെ വാഗ്ദാനങ്ങളിലൊന്നാണ്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിലാണ് തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ നടന്നുവരുന്നത്. നൂറ് കണക്കിന് കോടി രൂപയാണ് ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനം ചെലവഴിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ Additional Skill Acquisition Programme (ASAP), തൊഴിൽ വകുപ്പിൽ Kerala Academy for Skills Excellence (KASE), ഐ.റ്റി. വകുപ്പിൽ ICT Academy, തദ്ദേശസ്വയംഭരണ വകുപ്പിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ Deen Dayal Upadhyaya Grameen Kaushalya Yojana (DDU-GKY) എന്നിങ്ങനെ ഏകോപനമില്ലാത്ത രീതിയിൽ വിവിധ പരിപാടികളായിട്ടാണ് ഇത് നടന്നുകൊണ്ടിരിക്കുന്നത്. ഇതുകൂടാതെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് പരിശീലനം നൽകാൻ അതത് വകുപ്പുകൾ പരിശ്രമിക്കുന്നുണ്ട്. ഇതൊന്നും പോരാതെ KELTRON, C-DIT, CAPT എന്നീ ഏജൻസികൾ അവരുടേതായ നിലയ്ക്ക് മറ്റ് നൈപുണ്യ കോഴ്സുകളും

നടത്തുന്നുണ്ട്. ഇത്രയധികം സ്ഥാപനങ്ങളിൽ നൈപുണ്യ പരിശീലന കോഴ്സുകൾ ഇക്കാലമത്രയും നടത്തിയിട്ടും നമുക്ക് ലക്ഷ്യത്തിലെത്താൻ സാധിച്ചിട്ടില്ല. 2018 ജനുവരി 23-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. നൈപുണ്യ പരിശീലനത്തിന് ഇത്രയും അധികം ഏജൻസികൾ എന്തിനാണെന്നാണ് അദ്ദേഹം ചോദിച്ചത്. ഇതിനെയൊക്കെ ഏകീകരിപ്പിച്ചുകൂടെയെന്ന അദ്ദേഹത്തിന്റെ ഒരു ചോദ്യമുണ്ട്. ആ ചോദ്യം തന്നെയാണ് ഞാനും ഇവിടെ ഉയർത്താൻ ആഗ്രഹിക്കുന്നത്. ഇപ്പോൾ തന്നെ ASAP 25000 sq.ft.-ന്റെ ബിൽഡിംഗുകൾ പല സ്ഥലത്തും പണിത് പലതിലും ആളില്ലാത്ത അവസ്ഥയിൽ ചെലവഴിച്ച കോടി കണക്കിന് രൂപ ഒരു ഭാഗത്ത് പോയ്ക്കൊണ്ടിരിക്കുന്നു. അതുപോലെ KASE-ന്റെ കാര്യം വേറെ. അങ്ങനെ വിവിധ ഭാഗങ്ങളിലൂടെ പല തരത്തിലുള്ള ഏജൻസികൾ പ്രവർത്തിക്കുന്നു. എന്നാൽ ഇവിടെ സ്വകാര്യ മേഖലയിൽ ധാരാളം സ്കിൽ ഡെവലപ്മെന്റ് കമ്പനികൾ വേറെയും ഇൻവെസ്റ്റ്മെന്റ് നടത്തുന്നു. സ്കിൽ ഡെവലപ്മെന്റിന് നാഷണൽ ലെവലിൽ അവർ ചെയ്യുന്നത് നല്ല ഏജൻസികളെ നോക്കി അക്രഡിറ്റേഷൻ കൊടുത്ത് അതിനൊരു

സിസ്റ്റമുണ്ടാക്കി അതിനെ ഒരു അതോറിറ്റിയിലൂടെ കാര്യങ്ങൾ നടത്തുകയാണ് ചെയ്യുന്നത്. ആ രീതിയിൽ വരുമ്പോൾ ഗവൺമെന്റിന് കൂടുതൽ പണം ചെലവഴിക്കാതെ കുട്ടികൾക്ക് Kerala State Financial Enterprises Limited (KSFE)-ലൂടെ ലോണുകൾ നൽകി അതിനെ സബ്സിഡൈസ് ചെയ്തു കഴിഞ്ഞാലും നമുക്ക് ഇന്ന് വരുന്ന ചെലവ് വരില്ല. ധാരാളം കുട്ടികൾക്ക് തൊഴിലവസരം കിട്ടും. ഏറ്റവും നല്ല തൊഴിൽ ലഭിക്കുന്ന മേഖലയാണിത്. നയപ്രഖ്യാപനത്തിൽ തന്നെ പുതിയ നോളഡ്ജ് എക്കോണമിയെക്കുറിച്ച് പറഞ്ഞിട്ടില്ലേ. അതിനെക്കുറിച്ച് പറയുമ്പോൾ ഏറ്റവും കൂടുതൽ സാധ്യതയുള്ളത് നൈപുണ്യ വികസനവുമായി ബന്ധപ്പെട്ടാണ്. അതുകൊണ്ട് ഞാൻ രണ്ട് കാര്യങ്ങളാണ് പറയുന്നത്. ഒന്ന്-ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹെഡ് ചെയ്യുന്ന നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട ഒരു അതോറിറ്റിയുണ്ടാകണം. അത് മറ്റുള്ള കമ്പനികൾക്ക് അക്രഡിറ്റേഷൻ കൊടുക്കുന്ന കാര്യമടക്കം തീരുമാനിക്കുന്ന ഒരു ശക്തമായ അതോറിറ്റിയായിരിക്കണം. അതിന്റെ കീഴിൽ വിവിധ വകുപ്പുകളിലുള്ള എല്ലാ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ടിട്ടുള്ള യൂണിറ്റുകളെയും

ഏകീകരിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു കേന്ദ്രമായി ഈ അതോറിറ്റി മാറണം. രണ്ടാമത്തേത്, ഈ സ്റ്റേറ്റിന് ഒരു നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട നയമുണ്ടാകണം. ആ പോളിസി ഡിക്ലറേഷൻകൂടി ഈ വരുന്ന ദിവസങ്ങളിലുണ്ടായിക്കഴിഞ്ഞാൽ ലക്ഷകണക്കിന് ചെറുപ്പക്കാർക്ക് ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ലോകത്തുള്ള വിവിധ കമ്പനികളിലേയ്ക്ക് തെരഞ്ഞെടുക്കാൻ പറ്റുന്ന രീതിയിൽ അവർ പ്രാപ്തമായിരിക്കും. നമ്മുടെ കുട്ടികളുടെ പ്രശ്നം വിദ്യാഭ്യാസമില്ലാത്തതല്ല, മറിച്ച് വിദ്യാഭ്യാസം കഴിഞ്ഞ് നൈപുണ്യത്തോടുകൂടി എവിടെയെങ്കിലും അവസരം ലഭിച്ചാൽ അവിടെ പോകാൻ ആവശ്യമായ ട്രെയിനിംഗ് ലഭിക്കാത്തവരായി മാറിയതുകൊണ്ടാണ് അവർക്ക് കോമ്പറ്റീഷനിൽ പങ്കെടുക്കാൻ പറ്റാത്തത്. അതുകൊണ്ട് ഈ കാര്യത്തെ ഗൗരവമായി കാണണമെന്നതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സത്യത്തിൽ മുഖ്യമന്ത്രിയിൽനിന്നുകൂടി ഞാൻ ഇതിനൊരു മറുപടി പ്രതീക്ഷിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മുൻ മന്ത്രികൂടിയായ ഡോ. എം. കെ. മുനീർ വർത്തമാനകാലഘട്ടത്തിന്റെ

ഗൗരവമുള്ള ഒരു പ്രശ്നം തന്നെയാണ് ശ്രദ്ധക്ഷണിക്കലായി സഭയിൽ ഉന്നയിച്ചിട്ടുള്ളത്. തൊഴിൽ സാധ്യതയുമായി ബന്ധപ്പെട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രകടന പത്രികയിൽ പ്രഖ്യാപിച്ചിട്ടുള്ളതിൽനിന്നും ഒട്ടും പിറകോട്ടുപോകുന്നില്ല. അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. നൂറ് ദിവസംകൊണ്ടുതന്നെ നടപ്പിലാക്കിയ കുറേ കാര്യങ്ങൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട് ബാക്കി നടപ്പിലാക്കികൊണ്ടിരിക്കുകയുമാണ്. അത് ഞാൻ ആവർത്തിക്കുന്നില്ല. സംസ്ഥാനത്തെ നൈപുണ്യ വികസനം ഏകോപിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള സ്കിൽ പോളിസിയുടെ ആദ്യ കരട് തയ്യാറാക്കിയെങ്കിലും മറ്റ് വകുപ്പുകളുമായുള്ള ചർച്ചകൾ പൂർത്തിയായാൽ മാത്രമേ ഇതിന് അന്തിമ രൂപം നൽകുന്നതിന് സാധിക്കുകയുള്ളൂ. അങ്ങ് നിരവധി സ്ഥാപനങ്ങളുടെ പേരെല്ലാം ഇവിടെ സൂചിപ്പിച്ചു. അതിന് ഒരു ഏകോപനമില്ലായെന്നുള്ള കാര്യം പറഞ്ഞതിൽ കുറച്ച് വസ്തുതയുണ്ട്. ഇത് അടിയന്തരമായി പൂർത്തിയാക്കി നൈപുണ്യ വികസന നയത്തിന് അന്തിമരൂപം നൽകുന്നതാണ്. സംസ്ഥാനത്ത് നൈപുണ്യ വികസന അതോറിറ്റി രൂപീകരിച്ചിട്ടില്ല. എങ്കിലും

തൊഴിൽ മേഖലയുടെ ഗുണവും കാര്യക്ഷമതയും വർദ്ധിപ്പിച്ച് ഉൽപ്പാദന ക്ഷമതയും സാമ്പത്തിക വളർച്ചയും കൈവരിക്കുന്നതിന് യുവജനതയെ അന്താരാഷ്ട്ര നിലവാരത്തിലും വ്യവസായ മേഖല ആവശ്യപ്പെടുന്ന തരത്തിലും തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയും ദേശീയ സംസ്ഥാന ജില്ലാ സ്ഥലങ്ങളിലുള്ള നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായും Kerala Academy for Skills Excellence (KASE)-നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു കേന്ദ്രീകൃത സംവിധാനമെന്ന നിലയിൽ 28.05.2018-ലെ ജി.ഒ.നമ്പർ 47/2018 എൽ.ബി.ആർ. ഉത്തരവ് പ്രകാരം സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE-നെ സ്കിൽ സെക്രട്ടേറിയറ്റായും ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും സർക്കാർ തലത്തിൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി എക്സ് ഒഫിഷ്യോ ചെയർമാനായ സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിലും ചീഫ് സെക്രട്ടറി എക്സ് ഒഫിഷ്യോ ചെയർമാനായ ഹൈ പവർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നൈപുണ്യ പ്രവർത്തനവുമായി ബന്ധപ്പെടുന്ന കാര്യങ്ങൾക്ക് സുപ്രധാന ഉപദേശങ്ങൾ സ്കിൽ സെക്രട്ടേറിയറ്റിന് നൽകുന്നതിനായി ഓരോ മേഖലയിലും ഓരോ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതല നൈപുണ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി KASE-നെ സ്കിൽ ഡെവലപ്പ്മെന്റ് മിഷനായി നിയോഗിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രത്യേകമായ ഒരു സ്കിൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യം നിലവിലില്ല. കാലഘട്ടം ഒരുപാട് മാറിക്കൊണ്ടിരിക്കുകയാണല്ലോ, ജോലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഒരുപാട് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഞാനിവിടെ സൂചിപ്പിച്ച സമിതികളുടെ പ്രവർത്തനം വരുംകാലഘട്ടത്തിൽ ഫലപ്രദമായി കൊണ്ടുപോകാൻ കഴിയും. അതല്ലാതെ ഇവിടെ സൂചിപ്പിച്ചപോലുള്ള സാഹചര്യമുണ്ടെങ്കിൽ അപ്പോൾ പരിശോധിക്കാം എന്നുള്ള കാര്യമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഡോ. എം. കെ. മുനീർ: സർ, അതോറിറ്റിയെന്ന് ഞാൻ ഉദ്ദേശിച്ചത്, നിലവിൽ 'അസാപ് (ASAP)' വിദ്യാഭ്യാസ വകുപ്പിന് കീഴിലാണ്. ഇതുപോലെ ഓരോ വ്യക്തികളും വിവിധ വകുപ്പുകളിൽനിന്നുകൊണ്ട് അവരുടേതായ രീതിയിൽ നൈപുണ്യ വികസനവും പരിശീലനവും നടത്തുകയാണ്. അതിനാൽ വിദ്യാർത്ഥികൾ സംശയത്തിലാണ്. അവർക്ക് എവിടെ പോകണം, ഏത് രീതിയിൽ വരണമെന്ന് അറിയില്ല. ഏകീകരിച്ച രീതിയിലുള്ള പരിശീലനം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. സ്കിൽ ഡെവലപ്മെന്റ് മേഖലയിൽ വിദഗ്ദ്ധരുണ്ട്. ആ വിദഗ്ദ്ധരുടെ മുഴുവൻ കഴിവും ഉപയോഗപ്പെടുത്തിക്കൊണ്ട് ഏകീകരിച്ച ട്രെയിനിംഗ് പ്രോഗ്രാമിലൂടെ മാത്രമേ ഇതിനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കൂ. അതാണ് മുഖ്യമന്ത്രിതന്നെ നേതൃത്വം നൽകുന്ന ഒരു അതോറിറ്റി രൂപീകരിക്കണമെന്ന് ഞാൻ പറയാനുള്ള കാരണം. അതിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രധാന വ്യക്തിയായി (വൈസ് ചെയർമാൻ) നിന്നാൽ ഇക്കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകരമാകും. അതിൽ എല്ലാ വിദഗ്ദ്ധരെയും ഉൾപ്പെടുത്തണം. ബഡ്ജറ്റ് പ്രസംഗത്തിലടക്കം knowledge എന്നുപറയുന്നത് economy-യാണ്, വരുംകാലത്തിന്റെ

പ്രാധാന്യമാണെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ സ്കിൽ ഡെവലപ്മെന്റിനായിരിക്കണം സംസ്ഥാനം മുൻഗണന ആദ്യം നൽകേണ്ടതെന്നാണ് എന്റെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ എം. കെ. മുനീർ ചൂണ്ടിക്കാണിച്ചത് ഗവൺമെന്റ് വളരെ പ്രാധാന്യത്തോടെ കാണുന്ന ഒരു കാര്യമാണ്. കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC)-ന്റെ നേതൃത്വത്തിൽ വലിയൊരു തൊഴിൽ സാദ്ധ്യത സംസ്ഥാനത്ത് സൃഷ്ടിക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. അതിന് പ്രധാനമായും ലക്ഷ്യമിടുന്നത് നിലവിലുള്ള അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരെയും വീട്ടമ്മമാരെയും മുമ്പ് ഉയർന്ന ജോലികൾ ചെയ്ത് പല കാരണങ്ങളാൽ ജോലി ഉപേക്ഷിച്ച് വീടുകളിൽ കഴിയുന്നവരെയും ഇന്നത്തെ ലോകസാഹചര്യത്തിൽ വന്നിട്ടുള്ള വർക്ക് ഫ്രം ഹോം സാദ്ധ്യത പരിഗണിച്ചുകൊണ്ട് വീട്ടിൽവച്ചോ വീട്ടിനടുത്തുവച്ചോ തൊഴിൽ നൽകാൻ കഴിയുന്ന ഒരു പദ്ധതിക്കാണ്. അത് പ്രാവർത്തികമാക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന്റെ

വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതിലേറ്റവും പ്രധാനം ഇവർക്ക് ഈ പറഞ്ഞ സ്കിൽ ഡെവലപ്പ് ചെയ്യുകയാണ്. അവർ മുമ്പ് പഠനം നടത്തിയിട്ടുണ്ടാകും, ചിലപ്പോൾ ചില ജോലികൾ ചെയ്തിട്ടുണ്ടാകും. എന്നാൽ ഇപ്പോൾ അവർക്ക് ലഭ്യമാകാനിടയുള്ള തൊഴിലുമായി ബന്ധപ്പെട്ട സ്കിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഡോ. എം. കെ. മുനീർ ഇവിടെ ഉന്നയിച്ചത് സ്കിൽ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്. അതിവിപുലമായ രീതിയിൽ കേരളത്തിലെ ഏറെക്കുറെ നല്ലൊരു ഭാഗം ജനങ്ങളെ ഈ പറയുന്ന സ്കിൽ ഡെവലപ്മെന്റ് സ്കീമിന്റെ ഭാഗമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികളുണ്ടാകും.